# കുഞ്ഞൻ കുഞ്ഞാന

ജേക്കബ് വടക്കഞ്ചേരി

ഞാനൊരു കുഞ്ഞാന
കുഞ്ഞിക്കുഞ്ഞൻ കുഞ്ഞാന
കുഞ്ഞിക്കളികൾ കാട്ടിക്കരളുകൾ
കവരും കുഞ്ഞാന
ഞാൻ സർക്കസ് കുഞ്ഞാന

പിന്നോട്ടങ്ങു നടക്കാനറിയാ-
മൊറ്റക്കാലിൽ നില്ക്കാനറിയാം
താളം കേട്ടീട്ടാടാനറിയാം
തക്കിട തരികിട കൊട്ടാനറിയാം
(ഞാനൊരു........)

സർക്കസ് മേളമൊരുങ്ങുമ്പോൾ ഞാൻ
മുന്നിലെ മ്യൂസിക് കണ്ടക്ടർ
സർക്കസ് തീരും നേരത്തെന്നും
തുമ്പിയുയർത്തിയൊരഭിവാദ്യം
പാം... പപ്പാം.
(ഞാനൊരു.....)

സർക്കസ്സു തീർന്നൊരു നേരത്തെന്നുടെ
ചാരെച്ചേർന്നൊരു കുട്ടികളേ,
പേടിക്കേണ്ടൊരു പാവം ഞാൻ,
കുനിയാം ചെവിയിൽ തൊട്ടോളൂ, എൻ
കാലിന്നടിയിൽ നൂണ്ടോളൂ
തുമ്പിയിലേറിയിരുന്നോളൂ, പിൻ-
വാലു പറിച്ചതി ചെയ്യരുത്.
(ഞാനൊരു.....)

ഞാനൊരു കുഞ്ഞാന
കുഞ്ഞിക്കുഞ്ഞൻ കുഞ്ഞാന
കുട്ടികളൊത്തു കളിക്കാനിഷ്ടം
കൂടും കുഞ്ഞാന ഞാൻ സർക്കസ് കുഞ്ഞാന

ഒളിച്ചുകളിക്കോ, ഞാനില്ലെന്നാ-
ലോടിച്ചിട്ടു കളിക്കാനറിയാം
ഫുട്ബോളാണേൽ സൗകര്യം
പിന്നമ്പോ കമ്പ വലിച്ചേക്കാം
ബാറ്റുപിടിച്ചാൽ ക്രിക്കറ്റിൽ ഞാൻ
ഔട്ടാകാത്ത കളിക്കാരൻ!
ബാറ്റും വേണ്ട ഹോക്കി കളിക്കാൻ
സ്റ്റിക്കും വേണ്ട തുമ്പി മതി!
(ഞാനൊരു......)

(ആനയും കുട്ടികളും കൂടെ ഇരിക്കുന്നു)


തക്കിട തരികിട തെയ്യതെയ്യാ
തക്കിട തരികിട തെയ്യത്താ
തക്കിട തരികിട തെയ്യത്താ തെയ്യ്
തെയ്യാ തെയ്യാ തെയ്യത്താ

ഏലേലെയ്യാ ഏയ്‌ലസ്സാ
ഏലേലെയ്യാ ഏയ്‌ലസ്സാ
ഏലേലെയ്യാ ഏയ്‌ലസ്സാ
ഒത്തുവലിക്കെടാ കുട്ടപ്പാ (കമ്പവലി മോഡൽ)

(പെട്ടെന്ന് പാപ്പാൻ പ്രത്യക്ഷപ്പെടുന്നു; ദേഷ്യത്തിൽ)
എന്തെടാ കുഞ്ഞാനപ്പോക്കിരീ
പീക്കിരിപ്പിള്ളേരുമൊത്തുന്ത്രീ
കുന്നിലാണോ.
സർക്കസ്സു ചട്ടങ്ങൾ ചിട്ടയായ് നോക്കേണ്ടോൻ
ചട്ടത്തിൽ സർക്കസ്സു കാട്ടു കാണോ?
സർക്കസ്സു ക്ലാസ്സിന് നേരത്തിനെത്താതെ
നേരമ്പോക്കുണ്ടാക്കി നില്ക്കുവോനേ
നാളെ നീ കാട്ടേണ്ട വിദ്യ പഠിക്കുവാൻ
നേരത്തിനെത്താഞ്ഞതെന്തു ചൊല്ല്?
(ആനക്കോൽ നടുവിലേക്കിട്ടിട്ട്....)
നില്ക്കെടാ ധിക്കാരിയാനക്കോലിപ്പുറം
നില്ക്കെടാ നേരം കളഞ്ഞിടാതെ
(പേടിച്ചു വിറച്ചു നില്ക്കുന്ന കുഞ്ഞാന ആനക്കോലിനടുത്ത് വന്നു നില്ക്കുന്നു)

പാപ്പാൻ:
ഇങ്കു വലത്താനേ (ഹൂ.... ഹൂ....)
കൊമ്പു നീ കുത്താനേ
തുമ്പിക്കൈ പൊക്കാനേ
തുമ്പിക്കൈ താഴ്ത്താനേ
പൊക്കാനേ താഴ്ത്താനേ
തുമ്പിക്കൈ പൊക്കാനേ
പോരെടാ പൊക്കത്തിൽ പൊക്കിനെടാ....

(സങ്കടത്തിലായ കുട്ടികൾ പേടിയോടെ)
എന്തിനീ ക്രൂരത കുഞ്ഞാനപ്പാപ്പാനേ
കുട്ടികളൊത്തു കളിച്ചതിനോ
തെറ്റെങ്കിൽ തുല്യമാം പങ്കുണ്ടു ഞങ്ങൾക്കും
ശിക്ഷനീ വീതിച്ചു തന്നിടേണം...
(പകച്ചുനില്ക്കുന്ന പാപ്പാനെ കുട്ടികൾ വളഞ്ഞിട്ട് എന്തിനീ ക്രൂരത..



കൊച്ചുകുട്ടികൾക്ക് അവതരിപ്പിക്കാനുള്ള ഒരു നൃത്തസംഗീത നാടകമാണിത്.

ആവർത്തിക്കുന്നു).

നിസ്സഹായനായ പാപ്പാൻ:
എന്തിതു കഷ്ടമിതെന്തെന്റെ പിള്ളേരേ
ഞാനാരു നിങ്ങൾക്കു ശിക്ഷ നല്കാൻ
അച്ഛനല്ലമ്മയല്ലനുമതി തെല്ലുമില്ലെ-
ന്തധികാരമുണ്ടതിനെനിക്ക്? (2)

അല്പം ധൈര്യം സംഭരിച്ച് കുഞ്ഞാന:
സംഭാഷണം: ഏയ് പാപ്പാനേ ഞാനൊന്നു ചോദിച്ചോട്ടെ.....
ഗാനം:
അച്ഛനല്ലമ്മയല്ലനു മതി തെല്ലുമില്ല-
തിനാലധികാരമില്ലാ ശരീ.....
എന്തധികാരമീയാനക്കുഞ്ഞിൽ നിന
ക്കാരേകിയധികാരമൊന്നു ചൊല്ലു?
അമ്മിഞ്ഞപ്പാലിന്റെ രുചി മായും നാൾ മുമ്പേ
കുഴിയിൽ ചതിച്ചു പിടിച്ചതല്ലേ
പൊട്ടിക്കരഞ്ഞൊരെന്നമ്മയെ തീകുന്തം
കൊണ്ടു പൊള്ളിച്ചു നീയോടിച്ചില്ലേ
അമ്മയെക്കാണുവാനൊന്നുമ്മ വെയ്ക്കുവാ-
നൊന്നങ്ങു ചേർന്നു നിന്നീടുവാനും
വയ്യാതെ നാളുകൾ മാസങ്ങളെത്രയായ്
എന്നുടെ വേദനയാരറിയാൻ....
(കുട്ടികൾ തമ്മിൽ തമ്മിൽ നോക്കുന്നു. ഒന്നിച്ച് താളത്തിൽ)
സംഭാഷണം:
അയ്യയ്യയ്യോ.....
അതു ശരിയാണല്ലോ?
കുട്ടികൾക്കൊരു നീതി
ആനയ്ക്ക് മറ്റൊരു നീതി....!
അതെങ്ങനെയാ ശരിയാകുന്നേ?

പാപ്പാൻ (ഗമയോടെ)
സംഭാ: പക്ഷെ, അങ്ങനെ പറഞ്ഞാൽ പറ്റുമോ?
മനുഷ്യനല്ലേ വലുത്? അവനല്ലേ കഴിവുള്ളത്? ഈ പ്രപഞ്ചവും
പ്രപഞ്ചത്തിലെ എല്ലാ ജീവജാലങ്ങളും ദാ ... ഈ മരവും
കിളികളും എല്ലാം മനുഷ്യന്റെ കീഴിലാണ്!

കുഞ്ഞാന:
ഗാനം: ഞാനില്ലാ തർക്കത്തിനെന്നാലുമൊരു വാക്കു
കേട്ടിട്ടു മറുപടി തന്നിടേണം....
ഞാനെടുത്തേറൊന്നെറിയുകിൽ പിന്നുണ്ടോ
ബാക്കി നീ വീമ്പു പറഞ്ഞീടുവാൻ
തേനീച്ച കുത്തിയാൽ പാമ്പൊന്നു കൊത്തിയാൽ
പിന്നുണ്ടോ നിന്നഹങ്കാരമെല്ലാം
വെണ്ടെന്നു വച്ചതോ എൻ തെറ്റ് ചൊല്ലുനീ
എന്റെയീ ശാന്തത ശാപമെന്നോ?
ഞങ്ങൾ മൃഗങ്ങളും പക്ഷികളും
മാമര, ജലജീവി വർഗങ്ങളും
സാധുക്കൾ ചതിയില്ല, കളവില്ല, പരസ്പരം
വഞ്ചന ദുഷ്ടലാക്കൊന്നുമില്ല
കാട്ടിലേക്കൊരു ദിനം പോരുകിൽ കാട്ടാം ഞാൻ
കാടിന്നൊരുമയും സന്തുഷ്ടിയും
ആർത്തിയില്ലാർക്കുമ, ങ്ങില്ലാത്തൊരാരുമി-
ല്ലെല്ലാരുമാനന്ദത്തോടെ വാഴ്‌വു
നാട്ടിന്നസൂയയുമാർത്തിയും പകയുമീ
മത്സരബുദ്ധിയുമെന്തുകഷ്ടം
ഒന്നിലും മതിയില്ല തൃപ്തിയില്ലാ
മർത്ത്യന്നഹങ്കാരമെത്ര കഷ്ടം

ഉയ്യെന്നോ ജീവനുയർച്ചതാഴ്ച?
ഉയ്യന്നോ പ്രാണനു പ്രാണിഭേദം
ദേഹങ്ങൾ പലതാവാമെന്നാലൊന്ന്
ജീവികൾ ജീവനിലൊന്നേയൊന്ന്

ആരുമില്ലടിമയായാരുമില്ലുടമയായ്
നാമെല്ലാമൊന്നാണ്.... നമ്മളൊന്ന്

പാപ്പാൻ: മനുജന്റെ പ്രാണനും ജന്തുവിൻ പ്രാണനും
ഒന്നെന്നോ കുഞ്ഞാനേ നിന്റെ വാദം?

കുഞ്ഞാന:
പ്രാണനിൽ പേടിയും ദാഹവും വിശപ്പുമീ
ജീവകൾക്കൊരുപോലെ തന്നെയല്ലേ
തല്ലുകിൽ നോവുന്ന താനയ്ക്കുമൊരുപോലെ
യിക്കുട്ടികൾക്കുമതങ്ങിനല്ലോ
മർത്ത്യന്റെ രീതിയിലല്ലെന്നാലും
ഞങ്ങൾക്കും ഞങ്ങൾ തൻ ഭാഷയില്ലേ?
ഈച്ചയായൊരു ജന്മം പൂച്ചയായ് മറുജന്മം
നരനായും നരിയായും മാറും ജന്മം
വേദാന്ത വാക്യങ്ങളോർമയില്ലേ
'തന്നെപ്പോൽ സർവപ്രാണീമെന്നല്ലേ'?
ഇല്ലില്ല പ്രാണനു പ്രാണിഭേദം
പലതായി കാണുന്ന ജീവജാലം
പലതല്ലതൊന്നെന്നുള്ളോർമ വേണം
കരുണയും സ്നേഹവും സമഭാവവും
മർത്യൻ പഠിക്കുകിൽ ഭൂമി സ്വർഗം..... (കരുണയും..

പാപ്പാൻ (വിനയത്തോടെ)
കുഞ്ഞാനേ ശരിതന്നെ നിൻമൊഴികൾ
അമൃതമതെന്നുടെ മിഴി തുറന്നു
ഇല്ലില്ല പ്രാണനു പ്രാണിഭേദം
ഇല്ലില്ല ജീവനുയർച്ച താഴ്ച

ഞാൻതന്നെ നീയെന്നും
നീ തന്നെ ഞാനെന്നും
സർവചരാചരമൊന്നാണെന്നും
അമ്മയാം പ്രകൃതിതൻ മക്കൾ നാമെല്ലാരും
ഒരുമിച്ചു വാഴേണ്ടോരെന്നറിവു....
(കുഞ്ഞാനേ, ശരി....)
(കുട്ടികൾ ആഹ്ലാദത്തോടെ കാണികളോട്)

സംഭാഷണം:

ആഹാ... ഇനിയും നിങ്ങളുണർന്നില്ലേ? വരു
ഞങ്ങളോടൊത്ത് ഈ പാട്ടുപാടുന്നേയ്
(കുട്ടികളും പാപ്പാനും കുഞ്ഞാനയും ചേർന്ന്)
ആനയും നമ്മളുമൊന്നുതന്നെ
ആലുമാനയുമൊന്നു തന്നെ...
മീനും കിളികളുമൊന്നു തന്നെ നമു-
ക്കമ്മയാണീ ഭൂമിയോർത്തിടേണം... നമുക്കമ്മ...
(തീരുമ്പോൾ പശ്ചാത്തല സംഗീതം
ഞാനൊരു കുഞ്ഞാന...)